KSACS

**Kerala State AIDS Control Society**
Red Cross Road
Thiruvananthapuram - 695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: keralasacs@gmail.com

11-02-2010

# എച്ച്ഐവി പ്രതിരോധം: റെഡ് റിബണ്‍ എക്സ്പ്രസ് ഫെബ്രുവരി 27 ന് മലപ്പുറത്ത് എത്തും

മലപ്പുറം: എച്ച്ഐവി, എയ്ഡ്സ് പ്രതിരോധ സന്ദേശവുമായി ഫെബ്രുവരി 27ന് തിരൂരില്‍ എത്തുന്ന റിബണ്‍ എക്സ്പ്രസിനെ വിപുലമായ രീതിയില്‍ വരവേല്‍ക്കുന്നതിനും പരമാവധി ജനങ്ങളെ റെഡ് റിബണ്‍ എക്സ്പ്രസ് കാണുന്നതിനായി എത്തിക്കുന്നതിനുമുള്ള പരിപാടികള്‍ക്കു രൂപം നല്‍കി. ഡെപ്യൂട്ടി കളക്ടര്‍ എം.സി വേണുഗോപാലിന്റെ അധ്യക്ഷതയില്‍ ചേര്‍ന്ന ജില്ലാതല സംഘാടകസമിതി യോഗമാണ് മലപ്പുറത്തെ പരിപാടികള്‍ക്ക് രൂപം നല്‍കിയത്.

27ന് തിരൂരില്‍ എത്തുന്ന ട്രെയിന്‍ രണ്ടു ദിവസം ജില്ലയില്‍ തങ്ങും. ജില്ലയിലെ വിവിധ ബ്ലോക്കുകളിലായി 12 ഗ്രാമങ്ങളില്‍ റെഡ് റിബണ്‍ എക്സ്പ്രസിലെ രണ്ടു ലൈഫ് ബസുകള്‍ പര്യടനം നടത്തും. ബസിലെ കലാസംഘങ്ങള്‍ ദിവസം മൂന്നു കേന്ദ്രങ്ങളില്‍ എച്ച്ഐവിയെക്കുറിച്ചും എയ്ഡ്സിനെക്കുറിച്ചും അറിവു പകരുന്ന പരിപാടികള്‍ നടത്തും. കലാപരിപാടികള്‍, എച്ച്ഐവി അണുബാധിതന്റെ അനുഭവവിവരണം തുടങ്ങിയവ ഇതിന്റെ ഭാഗമായി ഉണ്ടാകും.

പത്തു കോച്ചുകളുള്ള ട്രെയിനാണ് റെഡ് റിബണ്‍ എക്സ്പ്രസ്. എച്ച്ഐവി, എയ്ഡ്സിനെ സംബന്ധിച്ച വിദ്യാഭ്യാസ ഉപാധികളുടെ പ്രദര്‍ശനം, പൊതുജനങ്ങളുമായി സംവദിക്കുന്ന ടച്ച് സ്ക്രീനുകള്‍, ത്രിമാന മാതൃകകള്‍. എച്ച്ഐവി, എയ്ഡ്സ് നിയന്ത്രിക്കുന്നതിനുള്ള സേവനങ്ങളെ പറ്റിയുള്ള പ്രദര്‍ശനം, വിദ്യാഭ്യാസ ഉപാധികളുടെ പ്രദര്‍ശനം. എച്ച്ഐവി, എയ്ഡ്സ് നിയന്ത്രണം ഒരു സാമൂഹിക വിഷയമെന്ന നിലയില്‍ മറ്റുള്ള വകുപ്പുകളുടെ ഉത്തരവാദിത്തങ്ങള്‍ പ്രതിപാദിക്കുന്ന പ്രദര്‍ശനം. എച്ച്ഐവി, എയ്ഡ്സ് ബോധവത്കരണ പ്രദര്‍ശനം, തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികള്‍, അംഗന്‍വാടി പ്രവര്‍ത്തകര്‍, സ്വയംസഹായ സംഘം പ്രവര്‍ത്തകര്‍, യുവാക്കള്‍, സ്ത്രീകള്‍ തുടങ്ങിയവരുടെ സംഘങ്ങള്‍ക്ക് പരിശീലന സംവിധാനം, ഡോക്ടര്‍മാരും കൗണ്‍സലര്‍മാരും ഉള്‍പ്പെട്ട കൗണ്‍സലിംഗ്- മെഡിക്കല്‍ സേവനങ്ങള്‍ക്കുള്ള സംവിധാനം എന്നിവ ട്രെയിനില്‍ ഉണ്ടാകും. പ്ലാറ്റ്ഫോമില്‍ സജ്ജീകരിക്കുന്ന ജ്യോതിസ് കേന്ദ്രത്തില്‍ ആവശ്യക്കാര്‍ക്ക് എച്ച്ഐവി പരിശോധന നടത്തുന്നതിനുള്ള സംവിധാനവും ഏര്‍പ്പെടുത്തും. ട്രെയിനിലെ ഒരു കോച്ചില്‍ പൊതുആരോഗ്യം, ശുചിത്വം, പകര്‍ച്ചവ്യാധികള്‍ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങള്‍ പ്രദര്‍ശിപ്പിക്കും. ആരോഗ്യകേരളത്തിന്റെ ചുമതലയിലായിരിക്കും ഈ പ്രവര്‍ത്തനങ്ങള്‍ നടക്കുക.

ഡെപ്യൂട്ടി കളക്ടര്‍ എം.സി വേണുഗോപാല്‍, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അരിമ്പ്ര മുഹമ്മദ് മാസ്റ്റര്‍, ജില്ലാ പഞ്ചായത്ത് ആരോഗ്യ സ്റ്റാന്‍ഡിംഗ് കമ്മിറ്റി ചെയര്‍മാന്‍ സലിം കുരുവമ്പലം, ദേശീയ എയ്ഡ്സ് നിയന്ത്രണ ഓര്‍ഗനൈസേഷന്‍ പ്രതിനിധി ദമന്‍ അഹുജ, ഡെപ്യൂട്ടി ജില്ലാ മെഡിക്കല്‍ ഓഫീസര്‍ ഡോ. എ.പി പാര്‍വതി, സംസ്ഥാന നോഡല്‍ ഓഫീസര്‍ എസ്.അജയ്കുമാര്‍, ജില്ലാ നോഡല്‍ ഓഫീസര്‍ ജെ.ടോമി, ജില്ലാ ഇന്‍ഫര്‍മേഷന്‍ ഓഫീസര്‍ വിന്‍സന്റ്, ഡി.വൈ.എസ്.പി കെ.എസ് സുദര്‍ശന്‍, നെഹ്റുയുവ കേന്ദ്ര കോ ഓര്‍ഡിനേറ്റര്‍ എം. അനില്‍കുമാര്‍, ജില്ലാ മാസ് മീഡിയ ഓഫീസര്‍ പി. ജോര്‍ജ്, ഡെപ്യൂട്ടി മാസ് മീഡിയ ഓഫീസര്‍ കെ.പി സാദിഖ് അലി, സുരക്ഷ പദ്ധതികളുടെ പ്രോജക്ട് ഡയറക്ടര്‍, പ്രത്യാശ കോ ഓര്‍ഡിനേറ്റര്‍, സാമൂഹ്യക്ഷേമ വകുപ്പ്, വിദ്യാഭ്യാസം, എച്ച്.എല്‍.എഫ്.പി.പി.ടി പ്രതിനിധി വിവിധ സ്കൂള്‍, കോളേജ് പ്രതിനിധികള്‍ തുടങ്ങിയവര്‍ യോഗത്തില്‍ പങ്കെടുത്തു.

റെഡ് റിബൺ എക്സ്പ്രസ് ജില്ലാ പര്യടന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രക്ഷാധികാരിയായി ഒരു കർമ്മസമിതിയ്ക്ക് യോഗം രൂപം നൽകി.

കാസർഗോഡ്, കണ്ണൂർ, തിരൂർ, പാലക്കാട്, തൃശൂർ, ആലുവ, എറണാകുളം സൗത്ത്, കായംകുളം, കരുനാഗപ്പള്ളി സ്റ്റേഷനുകളിലാണ് എച്ച്ഐവി, എയ്ഡ്സ് നിയന്ത്രണ സന്ദേശവുമായി ട്രെയിൻ എത്തുന്നത്. മാർച്ച് 12 ന് കരുനാഗപ്പള്ളിയിൽ കേരളത്തിലെ പര്യടനം പൂർത്തിയാക്കും.

*ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.*

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**